അതനുസരിച്ചുള്ള പ്രത്യേകതകളും കണക്കിലെടുത്ത് വസ്തുവിന് നിശ്ചിത വില നിശ്ചയിക്കാൻ ഒരു കമ്മീഷനെ വയ്ക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീമതി എം. ടി. പത്മ: അങ്ങ് സൂചിപ്പിച്ചിട്ടുള്ള പ്രയാസം തിരുത്തുന്നതിനുവേണ്ടിയാണ് ഫെയർ വാല്യു ഫിക്സ് ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നത്. കഴിഞ്ഞ ഗവൺമെൻറ് വില നിശ്ചയിച്ചിരുന്നുവെങ്കിലും അത് അപ്രായോഗികമെന്ന പരാതി വന്നതിൻെറ അടിസ്ഥാനത്തിലാണ് അത് മാറ്റിവച്ചിരുന്നത്.

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

വിദേശ ട്രോളറുകൾക്ക് ലൈസൻസ് നൽകിയതുമൂലം മത്സ്യ തൊഴിലാളികൾക്കുണ്ടായ ബുദ്ധിമുട്ട്

*4 [91] ശ്രീ. പി. രാഘവൻ:
,, വി. ജെ. തങ്കപ്പൻ:
,, ബി. രാഘവൻ:
,, ടി. ചാത്തു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ ട്രോളറുകൾക്ക് മത്സ്യബന്ധനത്തിന് ലൈസൻസ് നൽകിയതുമൂലം മത്സ്യത്തൊഴിലാളികളുടെ ഇടയിൽ പട്ടിണിയും തൊഴിലില്ലായ്മയും വർദ്ധിച്ചുവരുന്ന വിവരം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കാത്ത അവസരങ്ങളിൽ ധനസഹായം നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ഡി) എങ്കിൽ 1994-95, 1995-96 വർഷങ്ങളിൽ എന്തു തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ ആവശ്യത്തിന് കേന്ദ്രത്തിൽനിന്നും ധനസഹായം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ 1994-95, 1995-96 എന്നീ വർഷങ്ങളിൽ എന്തു തുക വീതം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീമതി എം. ടി പത്മ):

(എ) ഇല്ല.

(ബി) 'എ'-യിലെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1994-95-ൽ ഉദ്ദേശം 800 ലക്ഷം രൂപയും 1995-96-ൽ ഇതുവരെ ഉദ്ദേശം 650 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. 1995-96-ലെ വിതരണ തുകയുടെ പൂർണ്ണ വിവരം മാർച്ച് 31-ന് ശേഷം മാത്രമേ ലഭ്യമാകുകയുള്ളൂ.

(ഇ) ഉണ്ട്. 1994-95-ൽ 2,43,85,541 രൂപ ലഭ്യമായിട്ടുണ്ട്. 1995-96-ലെ കേന്ദ്രവിഹിതം ഇതുവരെ ലഭ്യമായിട്ടില്ല.

കൊതുകു നിവാരണത്തിന് പഞ്ചായത്തുകൾക്ക് നൽകിയ നിർദ്ദേശങ്ങൾ

*5 [92] പ്രൊഫ. മീനാക്ഷി തമ്പാൻ:
ശ്രീ. പി. എസ്. ശ്രീനിവാസൻ:
,, സി. കെ. ചന്ദ്രപ്പൻ:
,, എം. നാരായണൻ (ഹോസ്ദുർഗ്):
,, കെ. പ്രകാശ് ബാബു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ കൊതുകുശല്യം വർദ്ധിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊതുകു നിവാരണത്തിനായി പഞ്ചായത്തുകൾക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം;

(ഡി) ഇവ നടപ്പാക്കുന്നതിന് പ്രത്യേക സാമ്പത്തിക സഹായം പഞ്ചായത്തുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഓരോ പഞ്ചായത്തിനും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(എഫ്) കൊതുക് വർദ്ധനയ്ക്കെതിരെ എന്തെല്ലാം പ്രതിരോധ നടപടികളാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞബാവ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കൊതുക് നിവാരണത്തിനായി യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ കൈക്കൊള്ളുവാൻ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 15,000 രൂപ വരെ ഈ ആവശ്യത്തിന് തങ്ങളുടെ ഫണ്ടിൽനിന്ന് ചെലവഴിക്കാമെന്ന് ഗ്രാമപഞ്ചായത്തുകളെ അറിയിച്ചിട്ടും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly